ശ്രീ. ഹമീദലി ഷംനദ് : ഇന്നു കുടിക്കാൻപോലും വെള്ളം കിട്ടുന്നില്ലെന്നു് ഞാൻ പറഞ്ഞതു് വിശ്വസിച്ചുകൊണ്ടു് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അക്കാര്യത്തിൽ അവിശ്വസിക്കുന്നില്ല. എന്തായാലും കുടിക്കാൻ വെള്ളം കിട്ടുന്നില്ലെങ്കിൽ അതിനാവശ്യമായ നടപടി എടുത്തിരിക്കും.

വെളിയിൽ നിന്നും വരുത്തുന്ന അരി

* 160. [16] ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ലക്ഷം ടൺ അരി പ്രതിവർഷം വെളിയിൽനിന്നും ഇവിടെ വരുത്തുന്നുണ്ടു്; പബ്ലിക് സെക്ടറിൽ എത്ര; പ്രൈവറ്റു സെക്ടറിൽ എത്ര; ആകെ മൊത്തം വില എത്ര രൂപ;

(ബി) സ്റ്റോറിലെ ആകെയുള്ള അരി ഉല്പാദനം എത്ര ടൺ;

(സി) വെളിയിൽനിന്നും വരുത്തുന്നതും ഇവിടെ ഉൽപ്പാദിപ്പിക്കുന്നതും കൂട്ടിച്ചേർത്താൽ ഒരാളിനു് എത്ര ഔൺസു് അരി പ്രതി ദിവസം കൊടുക്കാൻ ഉണ്ടു്;

(ഡി) ഒരാൾക്കു് ഒരു ദിവസത്തേക്കു് എത്ര ഔൺസു് അരിയുടെ ആവശ്യമുണ്ടു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്):

(എ) പ്രതിവർഷം ശരാശരി 9.62 ലക്ഷം ടൺ അരി കേരളത്തിലേക്കു വരുത്തുന്നുണ്ടു്. ഇതിൽ പബ്ലിക് സെക്ടറിൽ 2.2 ലക്ഷം ടണ്ണും പ്രൈവറ്റു് സെക്ടറിൽ 7.38 ലക്ഷം ടണ്ണും ആണു്. പബ്ലിക് സെക്ടറിലും പ്രൈവറ്റു് സെക്ടറിലുമായി മൊത്തം വരുത്തുന്ന അരിക്കു് 55 കോടി 16 ലക്ഷം രൂപയോളം വില വരുന്നുണ്ടു്.

(ബി) 1963–ലെ വിളവെടുപ്പനുസരിച്ചു് സ്റ്റോറിലെ ആകെയുള്ള അരിയുൽപ്പാദനം 11.3 ലക്ഷം മെടിക്കു് ടൺ എന്നു കണക്കാക്കിയിരിക്കുന്നു. കൃത്യമായ കണക്കു കിട്ടിയിട്ടില്ല.

(സി) പ്രായപൂർത്തിയായ ഒരാളിനു് 14 ഔൺസു് അരി പ്രതിദിനം കൊടുക്കാനുണ്ടു്.

(ഡി) പ്രായപൂർത്തിയായ ഒരാൾക്കു് ഒരു ദിവസം പരമാവധി പതിനാറു് ഔൺസു് അരിയോ, അരിയും മറ്റു ധാന്യങ്ങളുമായോ ആവശ്യമുണ്ടു്.

പോലീസു് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം.

* 161. [17] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പോലീസിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട മാനേജർ സൂപ്രണ്ടു്, അക്കൗണ്ടൻറു് എന്നീ തസ്തികകളിലേക്കു് ആരിൽനിന്നു് എങ്ങിനെയാണു് നിയമനം നടത്തുന്നതു് ;

(ബി) യു. ഡി. ക്ലാർക്കുമാരിൽനിന്നു് പ്രസ്തുത തസ്തികകളിലേക്കു് ആളുകളെ പ്രമോട്ടുചെയ്തു നിയമിക്കാറുണ്ടോ ;

(സി) യു. ഡി. ക്ലാർക്കുമാരുടെ ടെസ്റ്റടിസ്ഥാനത്തിൽ ലിസ്റ്റു തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) അതു സംബന്ധിച്ചു വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ചീഫ് ആഫീസിലെ മാനേജർ തസ്തികയിലേക്ക് സീനിയർ സൂപ്രണ്ടന്മാരിൽനിന്നും പ്രമോഷൻ നൽകിയും, ചീഫ് ആഫീസിലെ സീനിയർ സൂപ്രണ്ട് തസ്തികകളിലേക്ക് ജൂനിയർ സൂപ്രണ്ടന്മാർ, ഡിസ്ട്രിക്റ്റ് പോലീസ് ആഫീസുകളിലെ മാനേജർമാർ എന്നിവരിൽ നിന്നും ട്രാൻസ്ഫർ ചെയ്തും, ജൂനിയർ സൂപ്രണ്ട് ഡിസ്ട്രിക്റ്റ് പോലീസ് ആഫീസുകളിലെ മാനേജർ എന്നീ തസ്തികകളിലേക്ക് ഹെഡ് ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ് എന്നിവർക്ക് പ്രമോഷൻ നൽകിയും, ഹെഡ് ക്ലാർക്ക് ഹെഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്ക് അപ്പർഡിവിഷൻ ക്ലാർക്കുമാർക്ക് പ്രമോഷൻ നൽകിയും നിയമനം നടത്തുന്നു.

(ബി) ഹെഡ് ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്ക് യു. ഡി. ക്ലാർക്കുമാരിൽനിന്നും പ്രമോട്ടചെയ്യുന്നതിയമിക്കാറുണ്ട്.

(സി) ടെസ്റ്റടിസ്ഥാനത്തിൽ ലിസ്റ്റു തയാറാക്കിയിട്ടില്ല. എന്നാൽ സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഒരു ലിസ്റ്റ് തയാറാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഹെഡ്ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്ക് അപ്പർഡിവിഷൻ ക്ലാർക്കന്മാരെ പ്രമോട്ടചെയ്യുകയാണെന്നു പറഞ്ഞു. സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള അവരുടെ ലിസ്റ്റ് തയാറാക്കിയിട്ടില്ലെന്നും പറയുകയുണ്ടായി. ഡിസ്ട്രിക്റ്റ് ലവലിലുള്ള എല്ലാ യു. ഡി. ക്ലാർക്കന്മാരുടേയും ലിസ്റ്റ് ജില്ലാടിസ്ഥാനത്തിലാണെന്നു പറഞ്ഞു് അവസാനം ചേർത്തിട്ടുള്ള ഒരു ലിസ്റ്റാണ് നിലവിലുള്ളതു്. അതിനെപ്പറ്റി ഈ ഗവണ്മെൻറിനു് ആക്ഷേപം കിട്ടിയിട്ടില്ലേ ?

ശ്രീ. ആർ. ശങ്കർ : സ്റ്റേറ്റടിസ്ഥാനത്തിൽ ലിസ്റ്റു് തയാറാക്കിയിട്ടില്ലെന്നുപറയുന്നതു ശരിയല്ല. അങ്ങനെ ലിസ്റ്റു തയാറാക്കിയിട്ടുണ്ട്. ടെസ്റ്റടിസ്ഥാനത്തിൽ ലിസ്റ്റു തയാറാക്കിയിട്ടില്ലെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മലബാർപ്രദേശത്തെ മൂന്നു ജില്ലകളിലേയും ആളുകളെ ജില്ലാ അടിസ്ഥാനത്തിലുള്ള നിയമനമാണെന്നുപറഞ്ഞു് മുൻഗണനാലിസ്റ്റു തയാറാക്കാതെ മുഴുവനും അവസാനമായി ചേർക്കുകയാണോ ചെയ്തിട്ടുള്ളതു് ; അതിനെപ്പറ്റി ആക്ഷേപം കിട്ടിയിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : ഈവക വിശദവിവരങ്ങളും വേണമെങ്കിൽ വേറൊരു ചോദ്യം ചോദിക്കണം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ കാര്യത്തിൽ മദ്രാസിൽതന്നെ ജില്ലാ അടിസ്ഥാനത്തിൽ ആയിരുന്നില്ല ചെയ്തിരുന്നതു്. അതുകൊണ്ടു് അവരെക്കൂടി സ്റ്റേറ്റു് അടിസ്ഥാനത്തിലുള്ള മുൻഗണനാലിസ്റ്റിൽപ്പെടുത്തണമെന്നുള്ള കാര്യം പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴത്തെ നിലവിലുള്ള ലിസ്റ്റു പരിശോധിച്ചശേഷം ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണു്,

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴുള്ള ലിസ്റ്റു് ഒരു വിഭാഗം ഉദ്യോഗസ്ഥന്മാരെ കൽപ്പിച്ചുകൂട്ടി ഒഴിവാക്കാനാണെന്നുള്ള ആവലാതിയെ പരിഗണിച്ചു് സ്റ്റേറ്റടിസ്ഥാനത്തിലുള്ള ലിസ്റ്റു് പുനഃപരിശോധിക്കാൻ തയാറുണ്ടോ ?

ശ്രീ. ആർ. ശങ്കർ : നിലവിലുള്ള ലിസ്റ്റു് പരിശോധിച്ചശേഷം അതു പരിശോധിക്കുമെന്നാണു ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ചെയ്യുന്നതു പോലെ, എക്സിക്യൂട്ടീവ് സ്റ്റാഫിലേക്ക് ഇവരെ പ്രമോട്ടുചെയ്യുന്ന സംപ്രദായമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അവക്കും റിക്രൂട്ടുമെൻറു സമയത്തു് ഹാജരാകാൻ അനുവാദം കൊടുത്തിട്ടുണ്ടു്.

ഭൂരഹിതരായ കർഷകത്തൊഴിലാളികൾ.

*162. [18] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ കർഷകത്തൊഴിലാളികളെ പുറമ്പോക്കു് ഭൂമികളിൽ സെറ്റിൽ ചെയ്യുന്നതിനുള്ള പരിപാടി നടപ്പിലാക്കിയോ ;

(ബി) എങ്കിൽ ടി പദ്ധതി അനുസരിച്ചു് എത്ര കർഷകത്തൊഴിലാളികളെ സെറ്റിൽ ചെയ്തിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പരിപാടി നടപ്പിലാക്കി വരുന്നു.

(ബി) കാസർഗോഡു താലൂക്കിൽ 1,500 കുടുംബങ്ങളേയും, ഹോസ്ദുർഗ് താലൂക്കിൽ 500 കുടുംബങ്ങളേയും കുടിയിരുത്തുന്ന ഏർപ്പാടു് വളരെ താമസിയാതെ പൂർത്തിയാകുന്നതാണു്.

ശ്രീമതി കുസുമം : റൂറൽ ഹൗസിംഗ് സ്കീം അനുസരിച്ചു് വളരെ തുച്ഛമായ വരുമാനം മാത്രമുള്ള ആളുകൾക്കു് വീടുകെട്ടാനുള്ള തുക കൊടുക്കുന്ന കൂട്ടത്തിൽ അതിനു് അലോട്ടുചെയ്തിട്ടുള്ള തുക ഉപയോഗിച്ചു് ഭൂമി അക്വയർ ചെയ്തു കൊടുക്കുന്നതിനുള്ള പദ്ധതിക്കുകൂടി സാംക്ഷൻ കിട്ടിയിട്ടുണ്ടെന്നു അറിയുന്നു. അതു് ത്വരിതഗതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴത്തെ ഗവണ്മെൻറു വക പുറംപോക്കു ഭൂമിയാണു നൽകുന്നതു്. ഇതിനു പ്രത്യേകമായി ഒരു ഫണ്ടു് അലോട്ടുചെയ്തിട്ടുണ്ടു്. 10 ലക്ഷത്തിൽപരം രൂപ ഉണ്ടെന്നാണു് എൻറെ ഓർമ്മ. ആ തുക ഉപയോഗിച്ചു് റീഹാബിലിറ്റേറ്റു് ചെയ്യുവരികയാണു്. അതിൽ പണം ബാക്കി വരികയാണെങ്കിൽ ഭൂമി അക്വയർചെയ്തു ആളുകളെ താമസിപ്പിക്കുന്നതിനുള്ള പരിപാടിയെപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഭൂമി അക്വയർചെയ്തു കൊടുക്കുന്നതു കേന്ദ്ര ഗവണ്മെൻറിൻറെ ഒരു സ്കീം ഉണ്ടോ ; ഉണ്ടെങ്കിൽ ആ ഫണ്ടു് ഈ ഗവണ്മെൻറു് ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതിനൊരു പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. ടി. കൃഷ്ണൻ : അമ്പലപ്പുഴ, കുട്ടനാടു്, കരുനാഗപ്പള്ളി മുതലായ പ്രദേശങ്ങളിൽ താമസിക്കുന്ന കാർഷികത്തൊഴിലാളികൾക്കു പുറംപോക്കു ഭൂമി കിട്ടാൻ വളരെ പ്രയാസമുണ്ടു്. അവരെസംബന്ധിച്ചു് എന്തു നടപടിയെടുക്കാനാണുദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : തീരപ്രദേശങ്ങളിൽ താരതമ്യേന പുറമ്പോക്കു ഭൂമി കുറവാണു്. ഈ പറഞ്ഞ താലൂക്കുകളിൽ പുറംപോക്കു കുറെയുണ്ടു്. അതു കൊടുത്തശേഷം ഫണ്ടു് ബാക്കിയുണ്ടെങ്കിൽ ഭൂമി അക്വയർചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. ഒ. കോരൻ : ഓരോ കുടുംബത്തിനും എത്ര ഏക്കർവീതം പതിച്ചു കൊടുക്കാനാണുദ്ദേശിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : കൃഷിചെയ്യാൻ തക്കവണ്ണം കൊടുക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly